സാഹിത്യവാരഫലം

1986/04/06 (കലാകൗമുദി)

എം. കൃഷ്ണൻ നായർ

Copyright © 2014-2021, J. Vijayamma. The electronic versions are released under the provisions of Creative Commons Attribution Non-Commercial Share Alike license for free download and usage. Sayahna Foundation, JWRA 34, Jagathy, Trivandrum, India 695014. URL: http://www.sayahna.org

സാഹിത്യവാരഫലം

1986/04/06-ൽ കലാകൗമുദി വാരികയിൽ പ്രസിദ്ധീകരിച്ചത്.

ജി. ശങ്കരക്കുറുപ്പ് ഹൃദയാഘാതത്താൽ അവശനായി തിരുവനന്തപുരത്തെ മെഡിക്കൽ കോളേജ് ആശുപത്രിയിൽ കിടക്കുമ്പോൾ ഞാൻ അദ്ദേഹത്തെ കാണാൻ ചെന്നു. ശുഭ്രവെള്ള വസ്ത്രങ്ങളണിഞ്ഞ് പുഞ്ചിരി നിറഞ്ഞ മുഖവുമായി കവി ശയനീയത്തിൽ ശയിക്കുകയായിരുന്നു. 'വരൂ, വരൂ' എന്ന് അദ്ദേഹം എന്നെ സ്നേഹപൂർവ്വം ക്ഷണിച്ചു. അദ്ദേഹത്തിന്റെ സഹധർമ്മിണി ബിസ്കറ്റെടുത്തു കൊടുത്തു. "കൃഷ്ണൻ നായർക്കും കൂടെ വന്നയാളിനും ബിസ്കറ്റ് കൊടുക്കു" എന്ന് കവി ശ്രീമതിയോടു പറഞ്ഞു. ഞാൻ ബിസ്കറ്റ് ഇഷ്ടപ്പെടുന്നവനല്ല. എങ്കിലും സാമാന്യ മര്യാദയെക്കരുതി അതു വാങ്ങിച്ചു. "കൂടെ വന്നത് ആര്?" എന്നു കവി ചോദിച്ചപ്പോൾ കെ. വി. ദേവ് എന്നു ഞാൻ മറുപടി നൽകി. എന്നിട്ട് അറിയിച്ചു: "മാഷ്ടെ 'ശിവതാണ്ഡവം' കാവ്യം വായിച്ചു. ഉജ്ജ്വലമായിരിക്കുന്നു. ദേവ് നല്ലപോലെ ചൊല്ലും". "എന്നാൽ ദേവ് വായിക്കൂ" എന്ന് ജി. പറഞ്ഞു. കെ. വി. ദേവ് നല്ലപോലെ കവിത വായിക്കുന്ന ആളാണ്. പാടുകയും ചെയ്യും. പക്ഷേ തെക്കൻ രീതിയിൽ അദ്ദേഹം ആ കാവ്യം വായിച്ചതു കവിക്ക് ഇഷ്ടപ്പെട്ടില്ലെന്നത് അദ്ദേഹത്തിന്റെ മുഖഭാവം തെളിയിച്ചു.

മെഡിക്കൽ കോളേജിൽ പഠിക്കുന്ന ഒരു ചെറുപ്പക്കാരൻ മുറിയിൽ കയറി വന്നു. രോഗത്തിന്റെ വിവരങ്ങൾ പരുക്കൻ ഭാഷയിൽ അന്വേഷിച്ചു. ഷീറ്റ് വലിച്ചു മാറ്റി പാരുഷ്യത്തോടെ പരിശോധന തുടങ്ങി. തന്റെ കണ്ണീരു ഭർത്താവ് കാണരുതെന്ന് വിചാരിച്ച് സഹധർമ്മിണി സുഭദ്രാമ്മ പടിഞ്ഞാറോട്ടു തിരിഞ്ഞു നിന്നു. യുവാവിന്റെ ചോദ്യങ്ങളും പരിശോധനകളും കൂടുതൽ കൂടുതൽ പാരുഷ്യമാർന്നപ്പോൾ ജി. കോപിച്ചു. "നിങ്ങൾ പോകൂ" എന്ന് അദ്ദേഹം ആജ്ഞാപിച്ചതിൽ ഒരു തെറ്റുമില്ല. യുവാവ് പോയപ്പോൾ അദ്ദേഹം എന്നോടു പറഞ്ഞു: "പരുക്കൻ പെരുമാറ്റത്തിനു പകരം പരുക്കൻ ഭാഷ". "മാഷ്ടെ അസുഖമൊക്കെ വേഗം ഭേദമായി വീട്ടിൽ പോകാനിട വരട്ടെ. ഞാൻ എറണാകുളത്തു വന്നു കണ്ടു കൊള്ളാം". ജി. പിന്നീടും വളരെക്കാലം ആരോഗ്യത്തോടെ ജീവിച്ചിരുന്നു. ആശുപത്രിയിൽ വച്ചു യാത്ര ചോദിച്ചപ്പോൾ അദ്ദേഹത്തിന്റെ കരതലങ്ങൾ ഞാൻ സ്പർശിച്ചു. എന്തൊരു തണുപ്പ്! ആ തണുപ്പ് ഇപ്പോഴും അനുഭവപ്പെടുന്നുണ്ടോ? ഉണ്ട്.

മരണം



ഒരിക്കൽ നാരദൻ മഹാവിഷ്ണുവിനോട് മായ എന്നാൽ എന്താണെന്നു ചോദിച്ചു. തന്റെ കൂടെ വരാൻ പറഞ്ഞിട്ട് മഹാവിഷ്ണു നടന്നു. പെട്ടെന്ന് അവരുടെ മുൻപിൽ മണൽക്കാട്. വിഷ്ണുവിനു വല്ലാത്ത ദാഹം. അടുത്തുള്ള ഗ്രാമത്തിൽ ചെന്ന് കുറച്ചു വെള്ളം കൊണ്ടു വരാൻ അദ്ദേഹം നാരദനോടു പറഞ്ഞു. മഹർഷി ആദ്യം കണ്ട വാതിലിൽ തട്ടി. ഒരു സുന്ദരിയായ തരുണി വാതിൽ തുറന്നു. അവളെ കണ്ട മാത്രയിൽ നാരദൻ വെള്ളത്തിന്റെ കാര്യം മറന്നു. അകത്തേക്കു കടന്ന അദ്ദേഹത്തെ യുവതിയുടെ അച്ഛനമ്മമാർ ഭക്തിയോടെ സ്വീകരിച്ചു. കാലം കഴിഞ്ഞു. നാരദൻ ആ ചെറുപ്പക്കാരിയെ വിവാഹംകഴിച്ചു. ദാമ്പത്യജീവിതത്തിന്റെ സുഖം ആസ്വദിച്ചു. പന്ത്രണ്ട് കൊല്ലം കഴിഞ്ഞു. നാരദന് മൂന്ന് കുട്ടികളുണ്ടായി. ശ്വശുരന്റെ മരണത്തിനു ശേഷം അദ്ദേഹം വലിയ സ്വത്തിന്റെ ഉടമസ്ഥനായി. പന്ത്രണ്ടു വർഷം കഴിഞ്ഞപ്പോൾ പേമാരിയുണ്ടായി. വെള്ളപ്പൊക്കത്തിൽ പെട്ട് എല്ലാം ഒഴുകിപ്പോയി. ഭാര്യയെ ഒരു കൈകൊണ്ട് പിടിച്ച്, മറ്റേ കൈ കൊണ്ട് രണ്ട് കുട്ടികളെയും ഗ്രഹിച്ച്, ഏറ്റവും ഇളയ കുട്ടിയെ തോളിൽ ഇരുത്തി നാരദൻ വെള്ളപ്പൊക്കത്തിലൂടെ നീങ്ങി. ഒരു കുട്ടി വീണു. അതിനെ രക്ഷിക്കാൻ ശ്രമിക്കുന്നതിനിടയിൽ ഭാര്യയും മറ്റു കുട്ടികളും ഒഴുകിപ്പോയി. ഒരുപാറയിൽ അടിഞ്ഞ നാരദന് ബോധം വീണ്ടു കിട്ടിയപ്പോൾ അദ്ദേഹം പൂർവ്വകാല ദൗർഭാഗ്യങ്ങളെ ഓർമ്മിച്ചു പൊട്ടിക്കരഞ്ഞു. പെട്ടെന്നു മണൽക്കാട്. സൂര്യൻ ജ്വലിക്കുന്നു. അതാ മഹാവിഷ്ണുവിന്റെ ശബ്ദം. "മകനേ വെള്ളമെവിടെ? ഞാൻ അര നാഴികയിലധികമായി കാത്തു നിൽക്കുന്നല്ലോ". നാരദന് മായ എന്തെന്ന് മനസ്സിലായി. അതുമാത്രമല്ല, ജഗത്സംബന്ധിയായ മായ കാലത്തിലൂടെയാണ് ആവിഷ്കരിക്കപ്പെടുന്നതെന്ന സത്യവും അദ്ദേഹം ഗ്രഹിച്ചു (സ്വാമി വിവേകാനന്ദൻ, നാരദപുരാണത്തിലെ ഇക്കഥ പുനരാഖ്യാനം ചെയ്തിട്ടുണ്ട്. സമ്പൂർണ്ണകൃതികൾ നോക്കുക. ജെ. ബി. പ്രീസ്റ്റ്ലിയുടെ Man and Time എന്ന പുസ്തകത്തിലും ഇതു ഞാൻ കണ്ടു).

ഈ കാലം ഭയജനകമാണ്. ഭയജനകമാണെങ്കിലും അതിൽ നിന്ന് രക്ഷപ്പെടാൻ എല്ലാവർക്കും ഭയമാണ്. കാലത്തിൽ തന്നെ കഴിയുവാൻ—മരിക്കാതിരിക്കാൻ—ഓരോ വ്യക്തിയും ആഗ്രഹിക്കുന്നു. ഈ ആഗ്രഹം മായയാലാണെന്ന് വേദവും വേദാന്തവും ഉദ്ഘോഷിക്കുന്നു. ആത്മാവ് വിവിധ ശരീരങ്ങളിലൂടെ ആവിർഭവിച്ച് ആവിർഭവിച്ച് പ്രാഥമിക സത്യത്തിൽ വിലയം കൊള്ളുന്നു എന്നാണ് ഭാരതീയരുടെ വിശ്വാസം. ആത്മാവിന്റെ ഈ "തീർഥയാത്ര"യെ പരിഗണിക്കുമ്പോൾ മരണമെത്ര നിസ്സാരം എന്നാണ് ഭാരതീയ തത്വചിന്തയുടെ പ്രഖ്യാപനം.

> വിദ്യാം ച അവിദ്യാം ച
> യസ്തദ്വേദോഭയം സഹ
> അവിദ്യയാ മൃത്യും തീർത്ത്വാ
> വിദ്യയാമൃതമശ്നുതേ


Cioran

(വിദ്യാം ച അവിദ്യാം ച = വിദ്യയെയും അവിദ്യയെയും, തത് ഉഭയം = ആ രണ്ടിനേയും, സഹ = ഒരുമിച്ച്, യഃ വേദ = യാതൊരുവൻ അറിയുന്നുവോ, സഃ = അവൻ അവിദ്യയാ, മൃത്യും തീർത്ത്വാ = അവിദ്യ കൊണ്ട് മരണത്തെ ജയിച്ചിട്ട്, വിദ്യയാ അമൃതം അശ്നുതേ = വിദ്യ കൊണ്ട് അമൃതം എന്ന അവസ്ഥയെ പ്രാപിക്കുന്നു.) എന്ന് ഈശോവാസ്യോപനിഷത്ത്. ക്രൈസ്തവ സങ്കല്പം ഇതിൽ നിന്ന് വിഭിന്നമാണ്. ഈശ്വരൻ ആത്മാവ് സൃഷ്ടിച്ചുവെന്നും, ശരീരത്തിന്റെ നാശത്തിനു ശേഷം അതിന് അസ്തിത്വമുണ്ടെന്നും അത് പ്രഖ്യാപിക്കുന്നു. അന്തിമ വിചാരണ നടക്കുന്ന ദിവസം (Last Judgement day) ശരീരം ഉയിർത്തെഴുന്നേൽക്കും, എന്ന വിശ്വാസത്തോളം എത്തുമ്പോൾ ക്രൈസ്തവ സങ്കല്പം പരിപൂർണ്ണതയിലെത്തുന്നു. ഈ രണ്ട് സങ്കല്പങ്ങളും തത്വചിന്തയുടെ വീക്ഷണപഥത്തിൽ നിന്ന് നോക്കുമ്പോൾ ശരിയായിരിക്കാം. പക്ഷേ, പ്രായോഗിക തലത്തിൽ അവയ്ക്ക് ഉണ്മയില്ല. വിശന്നു പൊരിയുന്നവനോട് "ഉണ്ടാലെന്തു? ഉണ്ടില്ലെങ്കിലെന്തു? ചോറും നീയും ബ്രഹ്മമല്ലേ?" എന്നു ചോദിക്കുന്ന വേദാന്തിക്കും ഊണു കഴിച്ചേ പറ്റൂ. സാധാരണക്കാരായ നമ്മൾ കഴിക്കുന്നതും കഴിക്കാത്തതുമായ സാധനങ്ങൾ "മുക്കുമുട്ടെ" കഴിക്കുന്നവരാണ് സന്യാസിമാർ. ഞാൻ വെറുതേ പറയുകയല്ല. ബഹുജനദൃഷ്ടിയിൽ മാന്യനായ ഒരു ഹിന്ദു സന്യാസി മാസത്തിലൊരിക്കൽ എന്റെ വീട്ടിൽ വന്ന് ഇറച്ചിക്കൂട്ടി ഊണ് കഴിച്ച്പോകുമായിരുന്നു. പിന്നീട് ഞാൻ കൊടുക്കുന്ന സിഗരറ്റു അദ്ദേഹം രസിച്ച് വലിക്കുമായിരുന്നു (ഞാൻ മാംസം കഴിക്കുന്നവനല്ല. എങ്കിലും സന്യാസിക്കുവേണ്ടി ഞാൻ തന്നെ മാംസം വാങ്ങിക്കൊണ്ട് വരുമായിരുന്നു). പല പാവനചരിത്രന്മാരായ സന്യാസിമാരുടേയും ജീവിതം "ഏട്ടിലപ്പടി" എന്നേ പറയാനുള്ളൂ. അതു പോകട്ടെ മതപരങ്ങളായ സിദ്ധാന്തങ്ങൾ എന്തായാലും മരണഭയമാണ് ഈ ലോകത്തിലെ ഏറ്റവും വലിയ ഭയം. അതിനെ രവിശങ്കർ എത്ര ആകർഷകമായി ചിത്രീകരിക്കുന്നുവെന്നു നോക്കുക (കലാകൗമുദിയിലെ "വേലിയേറ്റം വേലിയിറക്കം" എന്ന കാർട്ടൂൺ). മനുഷ്യന്റെ കുട്ടിക്കാലത്തു മരണം പാമ്പിന്റെ രൂപമാർന്ന് കടന്ന് പോകുന്നു.

Cioran എന്ന തത്വ ചിന്തകൻ 'ഡിക്കേഡൻസി'ൽ എഴുതിയതു പോലെ "നീയെന്തുകൊണ്ട് എന്നെ ഉപദ്രവിക്കുന്നില്ല" എന്ന് കയർ ചോദിക്കുന്നു. "ഭോഗലസ്യതയുടെ ചുംബനത്തിൽ" മരണത്തിന്റെ സാന്നിദ്ധ്യമുണ്ടായിരുന്നു. "മദ്ധ്യവയസ്സിന്റെ തിരസ്കാരങ്ങളിലും മരണത്തിന്റെ ലീലകൾ. വാർദ്ധക്യത്തിലാണ് മരണമെന്ന സുഹൃത്ത് വന്നെത്തേണ്ടത്. പക്ഷേ കാളീയനേക്കാൾ ഭീമാകാരമാർന്ന പാമ്പിന്റെ—മരണത്തിന്റെ—ശരീരത്തിന് താഴെ നിന്നു കൊണ്ട് "നിന്നെ ഞാൻ കാണുന്നില്ലല്ലോ" എന്ന് മനുഷ്യൻ പറയുന്നു. മരണത്തിന്റെ അനിവാര്യതയും, യാദൃച്ഛികത്വവും, അതിന്റെ ഭയങ്കരത്വവും ഇതിനേക്കാൾ ഉജ്ജ്വലമായി ചിത്രീകരിക്കാനാവില്ല. ദ്രഷ്ടാക്കളെ ചിന്തിപ്പിക്കുകയും വികാരാധീനരാക്കുകയും ചെയ്യുന്ന ചിത്രങ്ങളാണ് ഇവ. ഈ കലാ പാടവത്തിന് മുൻപിൽ ഞാൻ തല കുനിച്ച് നില്ക്കട്ടെ.

അംബ്രോസ് ബീർസ്

അംബ്രോസ് ബീർസിന്റെ (Bierce) കഥകൾ പ്രഖ്യാതങ്ങളാണ്. മനുഷ്യ ജീവിതത്തെ പരിഹാസാത്മകമായി വീക്ഷിക്കുന്ന സാഹിത്യകാരന്മാരിൽ സുപ്രധാനനാണ് അദ്ദേഹം. ബീർസിന്റെ ഒരു കഥയിൽ ഭർത്താവിന്റെ മരണത്തിൽ 'വാവിട്ടു' നിലവിളിക്കുന്ന ഭാര്യയുടെ ചിത്രീകരണമുണ്ട്. അപ്പോഴാണ് ഒരു യുവാവ് പ്രേമാഭ്യർത്ഥനയുമായി അവളുടെ അടുക്കലെത്തുന്നത്. "നീചാ ഇതാണോ സമയം" എന്ന് അവൾ ചോദിച്ചു. "നിന്റെ സൗന്ദര്യാതിശയം എന്റെ വിവേചനശക്തിയെ ഇല്ലാതാക്കി" എന്ന് അയാളുടെ ഉത്തരം. അപ്പോൾ അവൾ "ഞാൻ വിലപിക്കാതിരിക്കുമ്പോഴല്ലേ നിങ്ങൾ വരേണ്ടതു?" എന്നു ചോദിച്ചു.

നിൻപേരുകേട്ടാൽ പേടിയാം

സ്നേഹമേ, അല്ലെങ്കിൽ കാമമേ നീയിത്ര മര്യാദകേടായി പെരുമാറുന്നത് എന്താണ്? അവൾ സ്കൂട്ടറിന്റെ പുറകിൽ ഭർത്താവിന്റെ കടവയറിൽ കൈയമർത്തി ഇരിക്കുമ്പോഴാണ് ഒരു സുന്ദരി ഫുട്പാത്തിലൂടെ അലസഗമനം ചെയ്യുന്നത് അയാൾ കാണുന്നത്. ആവശ്യമില്ലാതെ സ്കൂട്ടർ ബ്രേക്കിട്ടു. ഒന്നു കടാക്ഷിപ്പിക്കാൻ നീയെന്തിനാണ് അയാൾക്ക് പ്രേരണ നൽകിയത്? പിറകിലിരിക്കുന്നവളുടെ 'ചങ്ക്' തകരുന്നത് നീ കാണുന്നില്ലേ? എങ്കിലും അവളൊന്നും മിണ്ടുകില്ല. വീട്ടിലെത്തുമ്പോൾ ചൂട്ചായയ്ക്കു പകരം തണുത്ത ചായ അവൾ കൊണ്ടുവയ്ക്കുന്നത് നേരത്തേയുള്ള യാത്രയിൽ വലിച്ചെറിഞ്ഞ കടാക്ഷത്തിന്റെ ഫലമാണെന്ന് നിനക്കറിയാമോ? പിറകിലിരിക്കുന്നവൾ എത്ര സുന്ദരിയാണെങ്കിലും വൈവിധ്യം കൊതിക്കുന്ന പുരുഷൻ " ഈ മാരണത്തിനെയാണല്ലോ എനിക്കു കിട്ടിയത്" എന്ന് മനസ്സിൽ പറയുന്നതിനു കാരണമായിത്തീർന്നത് നീയല്ലാതെ മറ്റാര്. ഓഫീസിൽ വന്ന് അതിസുന്ദരികളുമായി വർത്താനം പറഞ്ഞ് രസിച്ചിട്ട് വീട്ടിൽ വൈകുന്നേരം ചെല്ലുമ്പോൾ യക്ഷിയെപ്പോലെ മുടിയഴിച്ചിട്ട് വരാന്തയിൽ നിന്ന് 'ജലസി'യോടെ നോക്കുന്ന ഭാര്യ. അവളെ തല്ലാൻ വയ്യാതെ അയാൾ പിള്ളേരെ വലിച്ചിട്ടു തല്ലുന്നു. ഇതിനു കാരണമായി ഭവിച്ചതും പ്രേമമേ അല്ലങ്കിൽ കാമമേ നീ തന്നെയല്ലേ?

ലളിതാ ലെനിൻ

മന്ത്രിയുടെ 'വെരട്ടും' സുപ്പീരിയർ ഓഫീസറുടെ 'ഉരുട്ടും' ഉദ്യോഗസ്ഥൻ അല്പമെങ്കിലും സുഖമനുഭവിക്കുന്നത് സുന്ദരിയും തരുണിയുമായ സ്റ്റെനോഗ്രാഫർക്ക് ഡിക്റ്റേഷൻ കൊടുക്കുമ്പോഴാണ്. ആ സുഖത്തോടു കൂടി കാറിൽ കയറി വീട്ടിലെത്തുമ്പോൾ ഭാര്യ ഒന്നുമറിയാത്തമട്ടിൽ "ഇന്നു ജോലി തിരക്കുണ്ടായിരുന്നോ? ഒരുപാടുകത്തുകൾക്ക് മറുപടി കൊടുക്കാനുണ്ടായിരുന്നോ" എന്നൊരു 'മെറ്റ റ്റോക്ക്' (meta talk) നടത്തുന്നതിന് കാരണമായിത്തീരുന്നതും സ്നേഹമേ, കാമമേ നിങ്ങളിൽ നിന്നുളവാകുന്ന ജലസി തന്നെയാണല്ലോ. ഈ ജലസിയെ മനഃശാസ്ത്രജ്ഞന്മാർ ശരിയായി അപഗ്രഥിച്ചിട്ടുണ്ട്. എന്തോ ഒന്നിന്റെ അഭാവം ജനിപ്പിക്കുന്ന ന്യൂനതാബോധത്താലാണത്രേ സ്ത്രീ ഇത്രമാത്രം ജലസിയുള്ളവളായി ഭവിച്ചത്. "എന്നെ സ്നേഹിക്കണം, എന്നെ മാത്രം സ്നേഹിക്കണം" എന്നാണ് ഓരോ സ്ത്രീയുടെയും നിലപാട്. പുരുഷൻ ഏകഭാര്യാവ്രതക്കാരനായിരിക്കണമെന്ന് ശഠിക്കുന്നത് സർവ്വസാധാരണം. ആ ശാഠ്യം ജലസിയിൽ നിന്നാണുണ്ടാവുക. ഇത്രയും എഴുതാൻ തോന്നിയത് ലളിതാ ലെനിൻ മാതൃഭൂമി ആഴ്ചപ്പതിപ്പിൽ എഴുതിയ 'മണ്ഡോദരി' എന്ന കാവ്യം വായിച്ചതിനാലാണ്. രാവണൻ സ്കൂട്ടറിലിരുന്ന് മണ്ഡോദരിയെ അറിയാതെ നോട്ടമെറിഞ്ഞവനല്ല. ചില രാക്ഷസന്മാരെപ്പോലെ "ഞാൻ വ്യഭിചരിക്കുമെടീ. നീ ഇഷ്ടമുണ്ടെങ്കിൽ എന്നോടൊരുമിച്ച് കഴിഞ്ഞാൽ മതി" എന്ന ഉദീരണം ചെയ്തു കൊണ്ട് പരസ്ത്രീഗമനത്തിന്—സീതയെ പ്രാപിക്കാനായി—പോകുകയാണ്. മയന്റെ പുത്രിക്ക്—രാവണന്റെ ഭാര്യയ്ക്ക്—സഹിക്കാനാവാത്ത ദുഃഖം. "ഈരേഴുലകിനെയൊരു ചെറുവിരലാൽ പമ്പരമാക്കിച്ചുറ്റിച്ച" കൊണ്ടുപോകുന്ന നക്തഞ്ചരനോട് പഞ്ചകന്യകകളിൽ ഒരുവളായ മണ്ഡോദരിക്ക് എന്തു ചെയ്യാൻ കഴിയും, -കരയുകയല്ലാതെ.

> കേഴുക കേഴുക കേഴമാൻകണ്ണാളേ
> കേഴുവോർക്കാശ്വാസമേകം ദൈവം.

അവൾ കേണു. രാമന്റെ അമ്പുകൊണ്ട് രാവണന്റെ മാറു പിളർപ്പിച്ച് ഈശ്വരൻ മണ്ഡോദരിക്ക് ആശ്വാസം നൽകി. ലളിതാ ലെനിന്റെ അത്ര മോശമല്ലാത്ത കാവ്യം മാതൃഭൂമി ആഴ്ച്ചപ്പതിപ്പിൽ മഷിപുരണ്ടുവന്നതുകൊണ്ടാണല്ലോ ഇത്രയും എഴുതാൻ കഴിഞ്ഞത്. സച്ചിദാനന്ദൻ വായനക്കാരുടെ പംക്തിയിലെഴുതിയതുപോലെ നന്ദി, നന്ദി.

നമ്മൾ ഉപയോഗിക്കുന്ന, ദോഷരഹിതങ്ങളെന്നു തോന്നുന്ന വാക്കുകൾക്കു പിന്നിൽ വേറെ ചില അർത്ഥങ്ങളുണ്ട്. ആ അർത്ഥം അന്യന മനസ്സിലാകത്തക്ക വിധത്തിലോ മനസ്സിലാകാത്തവിധത്തിലോ വാക്കുകൾ പ്രയോഗിക്കുമ്പോൾ അതു മെറ്റ റ്റോക്കായി മാറുന്നു. വീട്ടിൽ വന്നു വളരെ നേരം സംസാരിച്ചിരുന്ന് നമ്മുടെ ജോലികൾക്കെല്ലാം തടസ്സമുണ്ടാക്കുന്ന അതിഥിയോട് ആതിഥേയൻ മൂന്നാമത്തെ മണിക്കൂറിന്റെ അവസാനത്തിൽ ചോദിക്കുന്നു: "എവിടെയാണ് ജോർജ്ജിന്റെ താമസം?" (വീട്ടിലേക്കങ്ങു പോകരുതോ എന്നാണ് ഇതിന്റെ അർത്ഥം). നമുക്കൊരിക്കലും ക്ഷമിക്കാനാകാത്ത അപരാധം ചെയ്തവൻ വീട്ടിൽ വന്ന് മാപ്പു ചോദിക്കുന്നു. അപ്പോൾ നമ്മുടെ മറുപടി. "ഓ അതു സാരമില്ല". (വളരെ 'സാരമുണ്ട്' എന്നാണിതിന്റെ അർത്ഥം). ["മെറ്ററ്റോക്കിനെക്കുറിച്ച് പല ഗ്രന്ഥങ്ങളും ഇംഗ്ലീഷിലുണ്ട്. അവ വായിക്കുന്നത് കൊള്ളാം. ഗ്രന്ഥകാരന്മാരുടെ പേരുകൾ മറന്നുപോയിരിക്കുന്നു.]

കുങ്കമത്തിലെ കഥ

സ്വാമി വിവേകാനന്ദൻ

സമ്മേളനങ്ങൾക്കു പോകുന്നത് രസപ്രദങ്ങളാണ്; പലപ്പോഴും യാതന നിറഞ്ഞതും. അതിന്റെ അനുഭവങ്ങൾ സാമാന്യ ജനതയ്ക്ക് ഇഷ്ടമായില്ലെന്നു വരും. അതുകൊണ്ട് ഒരനുഭവം മാത്രം പറയാം. മൂന്നു മന്ത്രിമാർ പ്രസംഗിക്കുന്ന ഒരു യോഗത്തിൽ ഞാനും പ്രഭാഷകനായിരുന്നു. സമയമായപ്പോൾ മൂന്നുപേരേയും ആനകളുടെ എഴുന്നള്ളിപ്പോടു കൂടി മുത്തുക്കുടകൾ പിടിച്ച് സഭാവേദിയിലേക്ക് ആനയിച്ചു. ആളുകൾ അവരുടെ പിറകെ തിക്കിത്തിരക്കിയുണ്ട്. അവർ എന്നെ ചവിട്ടി താഴെയിട്ടു. തിരുവനന്തപുരത്തു നിന്ന് എന്നെ വിളിച്ചുകൊണ്ടുപോയ മാന്യൻ ഇങ്ങനെയൊരുത്തൻ വന്നിട്ടുണ്ടെന്നുകൂടി ഓർമ്മിച്ചില്ല. പിന്നീടാണ് അദ്ദേഹം എന്നെ അന്വേഷിച്ചു വന്നതും കൂട്ടികൊണ്ടുപോയതും. മന്ത്രി പുംഗവന്മാർ പ്രസംഗം കഴിഞ്ഞുപോയപ്പോൾ പൗരപുംഗവന്മാരും എഴുന്നേറ്റു പോയി. എനിക്കു പിന്നെ പ്രസംഗിക്കേണ്ടി വന്നില്ല. തിരിച്ചു പോരാൻ കാറിൽ കയറിയിരുന്നപ്പോൾ മാന്യൻ സംഘാടകരിൽ ഒരാളെ വിളിച്ച് 'കൃഷ്ണൻനായർക്ക് വഴിയിൽ വച്ച് ഓറഞ്ച് വാങ്ങാൻ നൂറു രൂപ കൊടുക്കൂ" എന്നാജ്ഞാപിച്ചു. (നൂറുരൂപയുടെ ഓറഞ്ച് തിന്നാൻ ഞാനാര്? ബകനോ). രൂപയൊന്നും വേണ്ട എന്നു ഞാൻ പറഞ്ഞിട്ടും അതു വകവെയ്ക്കാതെ മാന്യൻ നൂറുരൂപ നോട്ടു വാങ്ങി എന്റെ പോക്കറ്റിൽ തിരുകി. സംഘാടകൻ പോയപ്പോൾ എന്റെ കാതിൽ പറഞ്ഞു: "രൂപ കൃഷ്ണൻ നായർക്കല്ല. ഞാൻ നാളെക്കാലത്ത് വീട്ടിൽ വന്ന് വാങ്ങിക്കൊള്ളാം". കാലത്ത് അദ്ദേഹം എന്റെ വീട്ടിലെത്തി. രൂപവാങ്ങിക്കൊണ്ടു പോകുകയും ചെയ്തു. വളരക്കാലം കഴിഞ്ഞ് ആ മീറ്റിങ്സ്ഥലത്തുനിന്നു വേറെചിലർ സമ്മേളനത്തിനു എന്നെവിളിക്കാൻവന്നു. 'വയ്യ' എന്നു ഞാൻ പറഞ്ഞപ്പോൾ അവരിലൊരാൾ വാതിലിനു പുറത്തുചെന്നിട്ട് എന്നെനോക്കി പുച്ഛിച്ചു പറഞ്ഞു: "ഞങ്ങളും നൂറുരൂപ ഓറഞ്ച് വാങ്ങാൻ കൊടുക്കും". ഗോപിക്കുട്ടൻ കുങ്കമം വാരികയിലെഴുതിയ 'യോഗം' എന്ന കഥ വായിക്കൂ. ഹാസ്യാത്മകമായ ഇക്കഥ എന്നെ രസിപ്പിച്ചു. പ്രസംഗത്തിനു പോകുന്ന വായനക്കാർക്കും ഇത് രസപ്രദമായിരിക്കുമെന്നാണ് എന്റെ വിശ്വാസം.

ചോദ്യം, ഉത്തരം

ചോദ്യം: അടുത്തകാലത്ത് നിങ്ങളെ ആഹ്ലാദിപ്പിച്ചതേത്?

ഉത്തരം: എം. പി. നാരായണപിള്ള എന്നെക്കുറിച്ച് ഭയൽ വാരികയിലെഴുതിയ നല്ല വാക്കുകൾ.

ചോദ്യം: മെറ്റ റ്റോക്കിനെക്കുറിച്ച നിങ്ങൾ മുൻപെഴുതിയല്ലോ. "അല്പപ്രഭാവാനായ ഞാൻ" "നിസ്സാരനായ ഞാൻ", "എന്റെ വിനീതമായ അഭിപ്രായം" എന്നൊക്കെ നിങ്ങൾ കൂടെക്കൂടെ എഴുതാറുള്ളത് മെറ്റ റ്റോക്ക അല്ലേ? നിങ്ങളുടെ അഹങ്കാരമല്ലേ അതു കാണിക്കുന്നത്?

ഉത്തരം: ഇത്തരം പ്രസ്താവനകളിൽ ചിലപ്പോൾ കാപട്യമുണ്ടായിരിക്കും. വായനക്കാരെ അല്പമൊന്നു വശീകരിക്കാനാവാം ചിലർ ഇങ്ങനെ പറയുന്നത്. പക്ഷേ, ആർജ്ജവത്തോടെ മാത്രമേ ഈ വാക്കുകൾ എന്നിൽനിന്ന് ഉണ്ടാകാറുള്ളൂ.

ചോദ്യം: ഗ്യുന്തർഗ്രാസ്സ് കഴിഞ്ഞാൽ നിങ്ങളെ ആകർഷിച്ച ജർമ്മൻ സാഹിത്യകാരനാര്?

ഉത്തരം: ക്രിസ്റ്റോഫർ മെക്കൽ. അസാധാരണമായ നേട്ടമാണ് അദ്ദേഹത്തിന്റേത്. മെക്കലിന്റെ ചില ഉജ്ജ്വലങ്ങളായ രചനകൾ ഇംഗ്ലീഷിലേക്കു തർജ്ജമ ചെയ്തിട്ടുണ്ട്. The Figure on the Boundary Line എന്നാണ് പുസ്തകത്തിന്റെ പേര്. Arena പ്രസാധനം. വില 48 രൂപ 40 പൈസ.

ചോദ്യം: പാനീയങ്ങളിൽ നിങ്ങളേറ്റവും വെറുക്കുന്നതേത്?

ഉത്തരം: സിന്തറ്റിക് പ്രിപ്പറേഷൻസ്. ചില വീടുകളിൽ ചെന്നാൽ ഈ വൃത്തികെട്ട പൊടി വെള്ളത്തിൽ കലക്കി പഞ്ചാരയിട്ട് നമ്മുടെ മുൻപിൽ കൊണ്ടുവയ്ക്കും. ഈ പ്രവൃത്തിയെക്കാൾ ഭേദം നമ്മുടെ കരണത്ത് അടിക്കുക എന്നതാണ്.

ഒപ്പുകടലാസ്സ്



ജീവിതത്തിലെ വിരസങ്ങളും ബന്ധരഹിതങ്ങളുമായ അനുഭവങ്ങളെ രസാത്മകങ്ങളും ബന്ധദാർഢ്യമാർന്നവയും ആക്കുന്നതാണ് കല. അങ്ങനെ പ്രവർത്തിക്കുമ്പോൾ രൂപമുണ്ടാകുന്നു. രൂപശില്പമുള്ള അനുഭവത്തെ നമ്മൾ കലാസൃഷ്ടിയെന്നു വിളിക്കും. ഈ മാനദണ്ഡംവച്ചു നോക്കിയാൽ ശാഹുൽ വളപ്പട്ടണത്തിന്റെ "വ്രണം" എന്ന രചന (ദേശാഭിമാനി വാരിക) സാഹിത്യമല്ല. അത് വെറും representation—ജീവിതസംഭവങ്ങളുടെ പുനരാവിഷ്കരണം—മാത്രമാണ്. ഒരു വൃദ്ധൻ, അയാളുടെ ഭാര്യ, അവരുടെ മകൾ, മകളുടെ കുഞ്ഞ് ഇവരാണ് ഈ കഥയിലെ വ്യക്തികൾ. മകളുടെ ഭർത്താവ് ഗൾഫ് രാജ്യത്തിലെവിടെയോ വേറൊരുത്തിയുമായി കഴിഞ്ഞുകൂടുന്നു. കുഞ്ഞിന് രോഗം. ചികിത്സിക്കാൻ പണമില്ലാത്തതുകൊണ്ട് അതു മരിക്കാനിടയായി. മകൾക്കു ദ്വിതീയ വിവാഹം നിശ്ചയിക്കുന്നു വൃദ്ധൻ. അവൾ ആ വരനെ ആട്ടി പുറത്താക്കി. കിഴവൻ മരിക്കാനായി പുഴവക്കിൽ ചെന്നു കിടക്കുമ്പോൾ കഥ അവസാനിക്കുന്നു. നിത്യജീവിത സംഭവങ്ങളുടെ പുനരാവിഷ്കാരം കലയാവില്ലെന്ന് ഈ പംക്തിയിൽ പലപ്പോഴും എഴുതിയിട്ടുണ്ട്. ബ്ലോട്ടിങ് പേപ്പർകൊണ്ട് മഷിയിലെഴുതിയ അക്ഷരങ്ങൾ ഒപ്പിയെടുക്കുന്നതുപോലെ ജീവിത സംഭവങ്ങൾ കഥാകാരൻ ഒപ്പിയെടുക്കുന്നു. അത് കലയാവണമെങ്കിൽ ഉൾക്കാഴ്ചയില്ലാത്ത വിവരണത്തിന്റെ പേരു ജർണ്ണലിസമെന്നാണ്. ശാഹുൽ വളപട്ടണം കഥാകാരനല്ല, ജർണ്ണലിസ്റ്റാണ്.

സമുദായം ചലനം കൊള്ളുന്നത് ജീവിതത്തെസ്സംബന്ധിച്ച പുതിയ സത്യങ്ങൾ ശാസ്ത്രകാരന്മാരും കലാകാരന്മാരും കണ്ടുപിടിക്കുമ്പോഴാണ്. വെണ്മണി നമ്പൂതിരിമാർ നല്ല കവികളായിരുന്നെങ്കിലും അവർ ചിത്രീകരിച്ച സമുദായം പണ്ടത്തെ, പത്മനാഭസ്വാമി ക്ഷേത്രത്തിന്റെ മുൻവശത്തുള്ള കുളം പോലെയായിരുന്നു. ധന്വന്തരം കഴമ്പുപോലെ അർദ്ധദ്രവമായ വെള്ളം പച്ചനിറം. കുളിച്ചാൽ വൃഷണവൃദ്ധി നിശ്ചയമായും ഉണ്ടാകും. ആ ജലാശയത്തിൽ ഓവുകൾ വച്ചുകൊടുത്തു ശുദ്ധീകരണം നടത്തിയത് വള്ളത്തോളായിരുന്നു. കമാറനാശാൻ അതിൽ അനവരതം ശുദ്ധജലമൊഴുക്കി. വെള്ളംകെട്ടി നിൽക്കാൻ അനുവദിച്ചില്ല. ഈ ക്ഷേത്രജലാശയത്തെ വീണ്ടും ധന്വന്തരം കഴമ്പാക്കി മാറ്റാനാണ് ചില കഥാകാരന്മാർ അനവരതം ശ്രമിച്ചുകൊണ്ടിരിക്കുന്നത്. അവരെ എതിർക്കുക എന്നതാണ് നമ്മുടെ പ്രാഥമികകൃത്യം. അലങ്കാരമുപേക്ഷിച്ചു പറയാം. ഇത്തരം കഥാകാരന്മാരുടെ കസ്തിത്വം സമുദായത്തെ നിശ്ചലമാക്കി നിറുത്തുന്നു, അങ്ങനെ അത് ജീർണ്ണിക്കുന്നു.

സെക്സ് മാറ്റം

ക്രിസ്റ്റോഫർ മെക്കൽ

ഫ്രഞ്ചെഴുത്തുകാരൻ മൊങ്തെൻ ഫ്രാൻസിലെ ഒരു പ്രദേശത്തിലൂടെ നടക്കുമ്പോൾ ഒരുകാലത്ത് പെണ്ണായിരുന്ന ഒരാണിനെ കണ്ടു. ഇരുപത്തിരണ്ടുവയസ്സുവരെ മാറി (മേരി) എന്നായിരുന്നു അവളുടെ പേര്. ആ പ്രായമെത്തിയപ്പോൾ അവൾ ചാടാൻ തുടങ്ങി. ചാട്ടത്തിന്റെ ഫലമായി പുരുഷന്റെ അവയവം അവൾക്കു വന്നുകൂടി. പെണ്ണ് ഓടരുത്, ചാടരുത്, ഓടിയാലും ചാടിയാലും മാറി ഷെർമൈനെപോലെ (Marie Germain) ആണായി മാറും എന്നൊരു പാട്ട് അക്കാലത്ത് അവിടത്തെ പെൺകുട്ടികൾ പാടാറുണ്ടായിരുന്നു. കുമാർ എക്സ്പ്രസ്സ് വാരികയിലെഴുതിയ 'നഷ്ടപ്പെട്ട ഒരു മഴ' എന്ന പറട്ട പൈങ്കിളിക്കഥ വായിച്ചപ്പോൾ എനിക്കു തോന്നി പതിവായി ഇത്തരം കഥകൾ വായിക്കുന്ന പെൺകുട്ടികൾ ആൺകുട്ടികളായി മാറുമെന്ന്. സെക്സ് മാറാൻ താൽപര്യമില്ലാത്ത പെണ്ണുങ്ങൾ ഇമ്മാതിരി കഥകളുടെ പാരായണം ഒഴിവാക്കണം.

ജി. ശങ്കരക്കുറുപ്പിനെക്കുറിച്ചു പറഞ്ഞുകൊണ്ടാണ് ഈ ലേഖനം തുടങ്ങിയത്. അവസാനിപ്പിക്കുന്നതും അങ്ങനെയാവട്ടെ. എറണാകുളത്ത് ലൂസിയഹോട്ടലിൽ താമസിക്കുമ്പോൾ എനിക്ക് ഒരുദിവസം വൈകുന്നേരം പനിവന്നു. ബോധം കെട്ടു. മൂന്നോ നാലോ മണിക്കൂർ കഴിഞ്ഞ് ഞാൻ കണ്ണുതുറന്നപ്പോൾ പട്ടണത്തിലെ ഏറ്റവും വിദഗ്ദ്ധനായ ഡോക്ടർ എന്നെ പരിശോധിച്ചുകഴിഞ്ഞു. മരുന്ന് കുത്തിവച്ചിരിക്കുന്നു. വിലകൂടിയ പല മരുന്നുകളും മേശപ്പുറത്തു വച്ചിരിക്കുന്നു. ആരാണിതൊക്കെ ചെയ്തതെന്ന് അന്വേഷിച്ചപ്പോൾ റിസപ്ഷനിസ്റ്റ് സെബാസ്റ്റിൻ അറിയിച്ചു. "മഹാകവി ജി. ശങ്കരക്കുറുപ്പ്" അനുകാലത്തും ഞാനദ്ദേഹത്തെ കുറ്റപ്പെടുത്തിയതേയുള്ളൂ.

□

എം. കൃഷ്ണൻ നായർ

തിരുവനന്തപുരത്ത് വി. കെ. മാധവൻ പിള്ളയുടെയും ശാരദാമ്മയുടെയും മകനായി 1923 മാർച്ച് 3-ന ശ്രീ എം. കൃഷ്ണൻ നായർ ജനിച്ചു. സ്കൂൾ വിദ്യാഭ്യാസത്തിനു ശേഷം തിരുവനന്തപുരം യൂണിവേഴ്സിറ്റി കോളജിൽ നിന്ന് മലയാളത്തിൽ ബിരുദാനന്തര ബിരുദം നേടി. പഠനത്തിനു ശേഷം മലയാള സാഹിത്യാധ്യാപകനായി അദ്ദേഹം പല കലാലയങ്ങളിലും സേവനം അനുഷ്ഠിച്ചു. എറണാകുളം മഹാരാജാസ് കോളജിൽ നിന്നു മലയാള വിഭാഗം തലവനായി വിരമിച്ചു.

സാഹിത്യവാരഫലം

36 വർഷത്തോളം തുടർച്ചയായി അദ്ദേഹം എഴുതിയ (1969 മുതൽ മരണത്തിനു ഒരാഴ്ച്ച മുൻപു വരെ) സാഹിത്യവാരഫലം ഒരുപക്ഷേ ലോകത്തിലെ തന്നെ ഏറ്റവും കൂടുതൽ കാലം പ്രസിദ്ധീകരിച്ച സാഹിത്യ പംക്തി ആയിരിക്കും. മലയാളനാട് വാരികയിലാണ് അദ്ദേഹം തന്റെ പംക്തി എഴുതിത്തുടങ്ങിയത്. മലയാളനാട് നിന്നുപോയതിനു ശേഷം കലാകൗമുദി ആഴ്ചപ്പതിപ്പിലും അതിനു ശേഷം സമകാലിക മലയാളം വാരികയിലും സാഹിത്യ വാരഫലം പ്രസിദ്ധീകരിച്ചു. ലോകസാഹിത്യത്തിൽ അഗാധമായ അറിവുണ്ടായിരുന്ന അദ്ദേഹം തെക്കേ അമേരിക്ക മുതൽ യൂറോപ്പ് വരെയും, ആഫ്രിക്ക മുതൽ ജപ്പാൻ വരെയുമുള്ള എഴുത്തുകാരെ കേരളത്തിലെ വായനക്കാർക്കു പരിചയപ്പെടുത്തി. പാവ്ലോ നെരൂദ, മാർക്വേസ്, തോമസ് മാൻ, യസുനാരി കവബാത്ത തുടങ്ങിയ വിശ്വസാഹിത്യകാരന്മാരെ മലയാളികളുടെ വായനാമേശയിൽ എത്തിക്കുന്നതിൽ കൃഷ്ണൻ നായരുടെ പങ്കു ചെറുതല്ല.

സൗമ്യസ്വഭാവിയും ശാന്തനും ആതിഥ്യമര്യാദക്കാരനുമായിരുന്ന കൃഷ്ണൻ നായർ സാഹിത്യ വിമർശനത്തിൽ കർശനമായ മാനദണ്ഡങ്ങൾ അവലംബിച്ചു. രചിതാവിന്റെ പേരും പ്രശസ്തിയും അദ്ദേഹത്തിന് പ്രശ്നമായിരുന്നില്ല. കലാപരമായി ഔന്നത്യമുള്ള രചനകൾ മാത്രമാണ് സാഹിത്യമെന്നും മറ്റെല്ലാം വ്യർത്ഥവ്യായാമങ്ങളാണെന്നും അദ്ദേഹം ഉറച്ചു വിശ്വസിച്ചു. സ്വന്തം ലേഖനങ്ങളെപ്പോലും 'സാഹിത്യ പത്രപ്രവർത്തനത്തിന്റെയും ഏഷണിയുടെയും ഒരു അവിയൽ' എന്നു വിശേഷിപ്പിച്ച അദ്ദേഹം അനുബന്ധമായി, 'അതുകൊണ്ടാണല്ലൊ, ചുമട്ടുതൊഴിലാളികൾവരെയും 35 വർഷമായി സാഹിത്യ വാരഫലം വായിക്കുന്നത്' എന്നും കൂട്ടിച്ചേർത്തു. രസകരമായ രചനാശൈലിയും കുറിക്കു കൊള്ളുന്ന നർമവും മലയാളികളുടെ ജീവിത ശൈലിയെക്കുറിച്ചുള്ള നിശിതവും ഹാസ്യാത്മകവുമായ നിരീക്ഷണങ്ങളും സാഹിത്യ വാരഫലത്തെ വായനക്കാർക്കു പ്രിയങ്കരമാക്കി.

സാഹിത്യവാരഫലം

1995 ജൂൺ 25-ന് കലാകൗമുദി പ്രസിദ്ധീകരിച്ച കത്ത്.

അതിഗഹനമായ വായനയുടെ ഉടമയായിരുന്നു കൃഷ്ണൻ നായർ. ഓട്ടോറിക്ഷാ ഡ്രൈവർമാർ മുതൽ കോളേജ് പ്രൊഫസർമാർ വരെയും നവകവികൾ മുതൽ വിദ്യാർത്ഥികൾ വരെയും സാഹിത്യവാരഫലത്തിന്റെ പുതിയ ലക്കങ്ങൾക്കുവേണ്ടി കാത്തിരുന്നു. മലയാളസാഹിത്യത്തിൽ മൗലികതയുള്ള എഴുത്തുകാർ ഇല്ലെന്നും ടോൾസ്റ്റോയിയും തോമസ് മാനുമായി താരതമ്യപ്പെടുത്തുമ്പോൾ മലയാള സാഹിത്യകാരന്മാർ ബഹുദൂരം സഞ്ചരിക്കേണ്ടിയിരിക്കുന്നു എന്ന് അദ്ദേഹം വിശ്വസിച്ചു.

തിരുവനന്തപുരത്തെ സായാഹ്ന നടത്തക്കാർക്ക് പരിചിതനായിരുന്നു കൃഷ്ണൻ നായർ. ഇന്ത്യൻ കോഫി ഹൌസിലെ പതിവുകാരനായിരുന്ന അദ്ദേഹം തിരുവനന്തപുരത്തെ മോഡേൺ ബുക് സെന്ററിൽ സ്ഥിരം സന്ദർശകനും ഉപയുക്താവുമായിരുന്നു. സാഹിത്യരംഗത്തെ സേവനങ്ങൾക്ക് അദ്ദേഹത്തിനു ജി. കെ. ഗോയെങ്ക പുരസ്കാരം ലഭിച്ചു. കേരള യൂണിവേഴ്സിറ്റി ലൈബ്രറി അദ്ദേഹത്തിന്റെ രചനകൾക്കായി ഒരു പ്രദർശനം നടത്തി. അദ്ദേഹത്തിന്റെ ആദ്യ കാല ഉപന്യാസങ്ങളായ 'സ്വപ്നമണ്ഡലം' (1976), സൗന്ദര്യത്തിന്റെ സന്നിധാനത്തിൽ (1977), ചിത്രശലഭങ്ങൾ പറക്കുന്നു (1979), സാഹിത്യ വാരഫലത്തിന്റെ ആദ്യ പ്രതികൾ തുടങ്ങിയവ ഈ പ്രദർശനത്തിൽ ഉൾക്കൊള്ളിച്ചിരുന്നു.

ഫെബ്രുവരി 23, 2006-ൽ തിരുവനന്തപുരത്തെ ഒരു സ്വകാര്യ ആശുപത്രിയിൽ കൃഷ്ണൻ നായർ അന്തരിച്ചു. ന്യുമോണിയയും ഹൃദയത്തിലെ രക്തതടസ്സവുമായിരുന്നു മരണ കാരണം.

(ഈ ജീവചരിത്രക്കുറിപ്പിനും വാരഫലത്തിലെ ചിത്രങ്ങൾക്കും വിക്കിപ്പീഡിയയോട് കടപ്പാട്.)

RIVER VALLEY
DIGITAL LIBARY
empowering the author ...

- "റിവർ വാലി പ്രസ്" എന്ന ലേബലിൽ, സായാഹ്ന ആറു മാസത്തിലൊരിക്കൽ മുൻനിര എഴുത്തുകാരുടെ ഇരുപത് പുസ്തകങ്ങൾ വീതം ഡിജിറ്റൽ പ്രസാധനം നടത്തുന്നു. ഈ സേവനത്തിന്റെ വാർഷിക വരിസംഖ്യ:

രാജ്യം	കറൻസി	വരിസംഖ്യ
ഇന്ത്യ (119 വീതം ആറു മാസത്തിലൊരിക്കൽ)	രൂപ	238
യുഎസ്, കാനഡ	യുഎസ് ഡോളർ	10
യൂറോപ്	യൂറോ	10
മറ്റു വികസിത രാഷ്ട്രങ്ങൾ	യുഎസ് ഡോളർ	10
ഖത്തർ	റിയാൽ	20
യുഎഇ	ദിർഹം	20
സൗദി അറേബ്യ	റിയാൽ	20
കുവൈറ്റ്	ദിനാർ	2
ഒമാൻ	ദിനാർ	2
ബഹ്റിൻ	ദിനാർ	2
മലേഷ്യ	റിങ്ങിറ്റ്	25

- പ്രസാധകരുടെ നിരന്തരചൂഷണത്തിനു വിധേയരായിക്കൊണ്ടിരിക്കുന്ന എഴുത്തുകാരെ ശക്തിപ്പെടുത്തുക, നല്ല വായനാവിഭവങ്ങൾ ചെറുതുകയ്ക്കു വായനക്കാർക്കു ലഭ്യമാക്കുക, ഇന്റർനെറ്റിനെയും സാങ്കേതിക മുന്നേറ്റത്തെയും സാംസ്കാരികവളർച്ചയ്ക്കു ഉപയോഗിക്കുക എന്നിവയാണ് പ്രധാനലക്ഷ്യങ്ങൾ.
- എല്ലാതരം സ്മാർട്ട്ഫോണുകളിലും വായിക്കുവാൻ പറ്റിയ തരത്തിലാണ് ഉള്ളടക്കം ലഭ്യമാക്കുക.
- ഈ പദ്ധതിയിൽ താല്പര്യം തോന്നുന്നുവെങ്കിൽ ഇവിടെ രജിസ്റ്റർ ചെയ്യുക. (രജിസ്റ്റർ ചെയ്യുമ്പോൾ പണം/ കാർഡ് വിവരങ്ങൾ നല്കേണ്ടതില്ല.)
- കുടുംബാംഗങ്ങൾക്ക്/ സുഹൃത്തുക്കൾക്ക് സമ്മാനം രജിസ്റ്റർ ചെയ്യുക.
- കൂടുതൽ വിവരങ്ങൾ അറിയാൻ:
  1. ഡിജിറ്റൽ പ്രസാധനനയം
  2. സായാഹ്നയെക്കുറിച്ചു അറിയുക
  3. Who's who
  4. സായാഹ്ന ഫോൺ പിഡിഎഫുകൾ
  5. സായാഹ്ന ഗ്രന്ഥശേഖരം
  6. സായാഹ്ന വിക്കി
- പ്രതികരണങ്ങൾ <info@sayahna.org> എന്ന ഇമെയിലിലേയ്ക്ക് അയയ്ക്കുക.